**പതിനഞ്ചാം കേരള നിയമസഭ**
**പന്ത്രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 348** **07.10.2024 ൽ മറുപടിയ്ക്ക്**

## വാർഡുകളുടെ പുനർവിഭജനം

| ചോദ്യം<br>**ശ്രീ. ടി. സിദ്ദിഖ്**<br>**ശ്രീ. റോജി എം. ജോൺ**<br>**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** | | മറുപടി<br>**എം.ബി. രാജേഷ്**<br>**(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)** | |
|---|---|---|---|
| (എ) | 2025 ലെ തദ്ദേശ തെരഞ്ഞെടുപ്പിന് മുൻപായി വാർഡുകൾ പുനർവിഭജിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ; എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ; | (എ) | ഉണ്ട്.<br>സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ നേരിട്ടുള്ള തെരഞ്ഞെടുപ്പിലൂടെ നികത്തേണ്ടതായ ആകെ സ്ഥാനങ്ങളുടെ (അംഗസംഖ്യ) കുറഞ്ഞതും കൂടിയതുമായ എണ്ണം നിലവിലുള്ളതിൽ നിന്നും ഒന്ന് വീതം വർദ്ധിപ്പിക്കുന്നതിന് 09.07.2024-ലെ 18/ലെഗ്.സി3/2024 നിയമം (അസാധാരണ ഗസറ്റ് നമ്പർ 2233 തീയതി.10.07.2024) പ്രകാരം 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ്, 09.07.2024-ലെ 23/ലെഗ്.സി1/2024 നിയമം (അസാധാരണ ഗസറ്റ് നമ്പർ.2227 തീയതി.10.07.2024) പ്രകാരം 1994 -ലെ കേരള മുൻസിപ്പാലിറ്റി ആക്റ്റ് എന്നിവ ഭേദഗതി ചെയ്തു. എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെയും വാർഡുകളുടെ അതിർത്തി പുനർനിർണ്ണയിക്കുന്നതിനായി 15.06.2024-ലെ സ.ഉ.(അച്ചടി) നം.36/2024/LSGD (അസാധാരണ ഗസറ്റ് നമ്പർ.1904, എസ്.ആർ.ഒ. നമ്പർ. 513/2024) പ്രകാരം ഡീലിമിറ്റേഷൻ കമ്മീഷൻ രൂപീകരിച്ചിട്ടുണ്ട്.<br>06.09.2024-ലെ LSGD/PD/24269/2024-EER1 നമ്പർ അസാധാരണ ഗസറ്റ് നമ്പർ 2888 തീയതി.07.09.2024) പ്രകാരം സംസ്ഥാനത്തെ എല്ലാ ത്രിതല പഞ്ചായത്തുകളുടെയും, 10.09.2024-ലെ സ.ഉ.(അച്ചടി)നം.49/2024/ത.സ്വ.ഭ.വ. (എസ്.ആർ.ഒ. നമ്പർ. 813/2024, അസാധാരണ ഗസറ്റ് നമ്പർ. 2920 തീയതി.11.09.2024) പ്രകാരം സംസ്ഥാനത്തെ എല്ലാ കോർപ്പറേഷനുകളുടെയും മുൻസിപ്പാലിറ്റികളുടെയും പുതുക്കിയ അംഗസംഖ്യ വിജ്ഞാപനം ചെയ്തിട്ടുണ്ട്. |
| (ബി) | വാർഡുകളുടെ എണ്ണം നിശ്ചയിക്കാൻ സ്വീകരിച്ച മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; 2015-ൽ നിലവിൽ വന്ന തദ്ദേശ സ്ഥാപനങ്ങളിലെ വാർഡുകൾക്ക് 2011 ലെ സെൻസസ് ആണ് അടിസ്ഥാനമെങ്കിൽ അവയിൽ വീണ്ടും വാർഡ് വിഭജനം നടത്തുന്നുണ്ടോ; എങ്കിൽ എന്താണ് മാനദണ്ഡമെന്നും ഏതൊക്കെ പഞ്ചായത്തുകളിലും നഗരസഭകളിലുമാണ് ഇങ്ങനെ നടപടികൾ വേണ്ടി വരുന്നതെന്നും വിശദമാക്കുമോ; | (ബി) | സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ നേരിട്ടുള്ള തെരഞ്ഞെടുപ്പിലൂടെ നികത്തേണ്ടതായ ആകെ സ്ഥാനങ്ങളുടെ (അംഗസംഖ്യ) കുറഞ്ഞതും കൂടിയതുമായ എണ്ണം നിലവിലുള്ളതിൽ നിന്നും ഒന്ന് വീതം വർദ്ധിപ്പിച്ച വിജ്ഞാപനങ്ങളുടെ അടിസ്ഥാനത്തിലും, 2011 -ലെ സെൻസസ് പ്രകാരമുള്ള ജനസംഖ്യ അടിസ്ഥാനപ്പെടുത്തിയുമാണ് സംസ്ഥാനത്തിലെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും വാർഡുകളുടെ എണ്ണം പുതുക്കി നിശ്ചയിച്ചിട്ടുള്ളത്. |

| | | | |
|---|---|---|---|
| (സി) | വാർഡുകളുടെ എണ്ണം കൂടേണ്ടതില്ലെന്ന് നിശ്ചയിച്ച പഞ്ചായത്തുകളും നഗരസഭകളും ഏതെല്ലാമെന്നും അതിന് കാരണമെന്തെന്നും അറിയിക്കാമോ; വാർഡുകളുടെ എണ്ണം കുറയുന്ന തദ്ദേശ സ്ഥാപനങ്ങൾ ഉണ്ടോ; എങ്കിൽ കാരണമെന്തെന്ന് വ്യക്തമാക്കുമോ; | (സി) | <u>വാർഡുകളുടെ എണ്ണം വർദ്ധിക്കാത്ത ഗ്രാമപഞ്ചായത്തുകൾ</u><br>പഴയകുന്നുമ്മേൽ, അഴൂർ, അഞ്ചുതെങ്ങ്, വക്കം, ചിറയിൻകീഴ്, പാങ്ങോട്, നന്ദിയോട്, പെരിങ്ങമ്മല, ആര്യനാട്, പൂവാർ, ആലപ്പാട്, പിറവന്തൂർ, കുണ്ടറ, കവിയൂർ, കല്ലൂപ്പാറ, അയിരൂർ, നാരങ്ങാനം, റാന്നി -പഴവങ്ങാടി, അരുവാപ്പലം, മലയാലപ്പുഴ, ഏറത്ത്, കലഞ്ഞൂർ, കടക്കരപ്പള്ളി, എഴുപുന്ന, എടത്വാ, നെടുമുടി, കൈനകരി, പുളിങ്കുന്ന്, വെണ്മണി, കണ്ടല്ലൂർ, നീണ്ടൂർ, അകലക്കുന്നം, കുമരകം, കൊന്നത്തടി, പള്ളിവാസൽ, പാമ്പാടുംപാറ, ഉടുമ്പൻചോല, ഇടുക്കി, കഞ്ഞിക്കുഴി, അറക്കുളം, കാമാക്ഷി, ഉപ്പുതറ, പെരുവന്താനം, ഏലപ്പാറ, മുളവുകാട്, വടവുകോട് പുത്തൻകുരിശ്, കുട്ടമ്പുഴ, തൃക്കടീരി, തച്ചമ്പാറ, അഗളി, ഷോളയൂർ, കോടഞ്ചേരി, ഉദയഗിരി, ആലക്കോട്, അയ്യൻകുന്ന്, കൊട്ടിയൂർ.<br><u>വാർഡുകളുടെ എണ്ണം വർദ്ധിക്കാത്ത നഗരസഭകൾ</u><br>പരവൂർ, തിരുവല്ല, ചെങ്ങന്നൂർ, മാവേലിക്കര, പാലാ, ചങ്ങനാശ്ശേരി, ആലുവ, ചെർപ്പുളശ്ശേരി.<br><u>വാർഡ് എണ്ണം കുറഞ്ഞ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ</u><br>ഇടുക്കി ജില്ലയിലെ മൂന്നാർ, പീരുമേട്, ദേവികുളം എന്നീ ഗ്രാമപഞ്ചായത്തുകളിൽ ഓരോ വാർഡ് കുറഞ്ഞിട്ടുണ്ട്. പുതുക്കിയ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാർഡുകളുടെ എണ്ണം കണക്കാക്കിയതുമൂലമാണ് ഇപ്രകാരം സംഭവിച്ചിട്ടുള്ളത്. |
| (ഡി) | വാർഡ് വിഭജനത്തിനു മുൻപായി സംവരണ വാർഡുകളുടെ എണ്ണം നിശ്ചയിച്ചപ്പോൾ നിലവിലുള്ളതിനെ അപേക്ഷിച്ച് എത്ര വീതം വാർഡുകളാണ് ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളിലും നഗരസഭകളിലും വനിത, പട്ടികജാതി പട്ടികവർഗ്ഗം, പട്ടികജാതി വനിത, പട്ടികവർഗ്ഗ വനിത എന്നീ വിഭാഗങ്ങളിലുമായി ആകെ വർധിച്ചിട്ടുള്ളതെന്നും ഇതിന്റെ നടപടിക്രമങ്ങൾ എന്തൊക്കെയാണെന്നും വിശദമാക്കുമോ? | (ഡി) | സംവരണ വാർഡുകളുടെ വർദ്ധനവ് സംബന്ധിച്ച പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു. കേരള പഞ്ചായത്ത് രാജ് ആക്ട് 1994, കേരള മുൻസിപ്പാലിറ്റി ആക്ട് 1994, കേരള പഞ്ചായത്ത് രാജ് അംഗസംഖ്യ നിശ്ചയിക്കൽ ചട്ടങ്ങൾ 1994 എന്നിവ പ്രകാരം ജനസംഖ്യാനുപാതികമായിട്ടാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ സംവരണ വിഭാഗങ്ങൾക്കുള്ള വാർഡുകളുടെ എണ്ണം നിശ്ചയിച്ചിട്ടുള്ളത്. |

[signature]

സെക്ഷൻ ഓഫീസർ

# അനുബന്ധം

| തരം | വാർഡുകളുടെ എണ്ണത്തിലുണ്ടായ വർദ്ധനവ് | വനിതാ വാർഡുകളുടെ എണ്ണത്തിലുണ്ടായ വർദ്ധനവ് | പട്ടികജാതി സംവരണ വാർഡുകളുടെ എണ്ണത്തിലുണ്ടായ വർദ്ധനവ് | പട്ടികജാതി വനിത സംവരണ വാർഡുകളുടെ എണ്ണത്തിലുണ്ടായ വർദ്ധനവ് | പട്ടികവർഗ്ഗ സംവരണ വാർഡുകളുടെ എണ്ണത്തിലുണ്ടായ വർദ്ധനവ് | പട്ടികവർഗ്ഗ വനിത സംവരണ വാർഡുകളുടെ എണ്ണത്തിലുണ്ടായ വർദ്ധനവ് |
|---|---|---|---|---|---|---|
| കോർപ്പറേഷൻ | 7 | 4 | -1 | 0 | 0 | 0 |
| മുനിസിപ്പാലിറ്റി | 128 | 86 | 10 | 8 | 2 | 0 |
| ഗ്രാമപഞ്ചായത്ത് | 1375 | 871 | 51 | 42 | 49 | 17 |
| ബ്ലോക്ക് പഞ്ചായത്ത് | 187 | 112 | 6 | 6 | 5 | 1 |
| ജില്ലാ പഞ്ചായത്ത് | 15 | 11 | 4 | 3 | 2 | 1 |